(സി) 6-1-2015-ൽ കൂടിയ ഫെഡറേഷൻ ഭരണ സമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ചെലവ് ചുരുക്കൽ നടപടിയുടെ ഭാഗമായി എല്ലാ നന്മ പായ്ക്കിംഗ് ഗോഡൗണുകളും നിർത്തലാക്കുന്നതിനും അവയുടെ പ്രവർത്തനം നന്മ സ്റ്റോറുകളിൽ തന്നെ നടത്തുന്നതിനും തീരുമാനിച്ചു. എല്ലാ ജില്ലകളിലും ഓരോ നീതി ഗോഡൗൺ നിലനിർത്തിക്കൊണ്ട് അധികമുള്ള നീതി ഡിസ്ട്രിബ്യൂഷൻ സെന്ററുകൾ നിർത്തലാക്കുന്നതിനും വിൽപ്പന തീരെ കുറഞ്ഞവയും വിൽപ്പന വർദ്ധിപ്പിക്കാൻ തീരെ സാദ്ധ്യതയില്ലാത്തതുമായ 175 സ്റ്റോറുകൾ നിർത്തലാക്കി നഷ്ടം കുറയ്ക്കുന്നതിനും പ്രത്യേക കരാർ/പ്രതിഫല ജീവനക്കാരെ ഒഴിവാക്കുന്നതിനും ഭരണ സമിതി തീരുമാനിച്ചിട്ടുണ്ട്. ആദ്യഘട്ടമെന്ന നിലയിൽ നന്മ സ്റ്റോർ ഒഴികെയുള്ളവ നിർത്തലാക്കിയിട്ടുണ്ട്.

(ഡി) ജീവനക്കാർക്ക് തൊഴിൽ നഷ്ടം ഉണ്ടാകാത്ത വിധത്തിൽ പുതിയ പദ്ധതികൾ, ഭാവിയിൽ ആവിഷ്കരിച്ച് അവരെ ഷിഫ്റ്റ് അടിസ്ഥാനത്തിൽ മറ്റു യൂണിറ്റുകളിലേക്ക് വിന്യസിച്ചുകൊണ്ട് നടപ്പിലാക്കുന്നതിനാണ് നടപടികൾ സ്വീകരിച്ചിട്ടുള്ളത്.

കൺസ്യൂമർഫെഡ്

98 (444) <u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി-ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൺസ്യൂമർ ഫെഡ്ഡിന്റെ വിവിധ സ്ഥാപനങ്ങളിൽ താൽക്കാലികാടിസ്ഥാനത്തിൽ എത്ര ജീവനക്കാരെ നിയമിച്ചിരുന്നു ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) സാമ്പത്തിക നിയന്ത്രണത്തിന്റെ ഭാഗമായി എത്ര വിതരണ കേന്ദ്രങ്ങൾ പൂട്ടിയിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

(സി) സബ്സിഡി ഇനത്തിൽ സർക്കാർ കൺസ്യൂമർ ഫെഡ്ഡിന് എത്ര തുക നൽകാനുണ്ട് ; വിശദാംശങ്ങൾ അറിയിക്കാമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൺസ്യൂമർ ഫെഡിന്റെ വിവിധ സ്ഥാപനങ്ങളിൽ താൽക്കാലികാടിസ്ഥാനത്തിൽ 260 ജീവനക്കാരെ നിയമിച്ചിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly

ഹാർഡ് വെയർ ടെക്നീഷ്യൻ	10
ലാബ് ടെക്നീഷ്യൻ	1
അഡ്മിനിസ്ട്രേറ്റീവ് ആഫീസർ	1
മാനേജ്മെന്റ് ടെയിനി	114
ഫാർമസിസ്റ്റ്	130
പ്രിൻസിപ്പാൾ	1
സീനിയർ ലക്ചറർ	3
	260

(ബി) 9 വിതരണ കേന്ദ്രങ്ങൾ പൂട്ടിയിട്ടുണ്ട്. (ജില്ലതിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു) :

തിരുവനന്തപുരം	1 (പിരപ്പൻകോട്)
കൊല്ലം	1 (കരുനാഗപ്പള്ളി)
ആലപ്പുഴ	1 (മണ്ണഞ്ചേരി)
എറണാകുളം	1 (പുല്ലുവഴി)
തൃശ്ശൂർ	2 (കൈപ്പറമ്പ്, മാള)
മലപ്പുറം	1 (ഇടപ്പാൾ)
കോഴിക്കോട്	1 (വടകര)
കണ്ണൂർ	1 (പയ്യന്നൂർ)

(സി) സബ്സിഡി ഇനത്തിൽ കൺസ്യൂമർഫെഡിന്റെ കണക്കുപ്രകാരം മുൻസർക്കാരിന്റെ കാലത്തേത് ഉൾപ്പെടെ സർക്കാരിൽ നിന്നും 408.80 കോടി രൂപ ലഭിക്കാനുണ്ട്. ആയത് സംബന്ധിച്ച വിശദാംശങ്ങൾ പരിശോധിച്ചുവരുന്നു.

മിഷൻ 676-ൽ സഹകരണ മേഖലയിൽ പലിശരഹിത വായ്പയും നൂതന പദ്ധതികളും

99 (445) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി-ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676 -ൽ ഉൾപ്പെടുത്തി സഹകരണ മേഖലയിൽ പലിശരഹിത വായ്പയും നൂതന പദ്ധതികളും പ്രഖ്യാപിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly